**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **10-06-2021 - ൽ മറുപടിയ്ക്ക്**

**യാത്രായാനങ്ങളുടെ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ് ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് പ്രസ്തുത യാനങ്ങൾ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29/03/2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും, നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിയ്ക്കാണ്. സർവ്വീസ് നടത്തുന്നതിന് കപ്പലുകൾക്ക് മുംബൈ ആസ്ഥാനമായ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. സ്വകാര്യ പങ്കാളിയ്ക്ക് ഇതുവരെ പ്രസ്തുത അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ